കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

E-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2033/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 06.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ 11/17

നം. കെ.എസ്.എ.എം.പി.എം.13/2033/2017

തിയ്യതി:06.11.2017

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 14.08.16മുതൽ 17.08.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-08-2017മുതൽ 30-8-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം. മുഹമ്മദാലി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം,<br>സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സി.പി. ഉമ്മുകുൽസു | 1-4-16 മുതൽ 28-02-17 വരെ |
| ശ്രീ. വി.ടി. അമീർ | 1-03-17 മുതൽ 20-3-17 വരെ |
| ശ്രീമതി കെ.ടി. ഉമ്മുകുൽസു | 20-03-17 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.കെ.സക്കീർ ഹുസൈൻ (ചാർജ്ജ്) | 1-4-16 മുതൽ 22-12-16 വരെ |
| | ഒഴിവ് | 23-12-16 മുതൽ 25-12-16 വരെ |
| | ശ്രീമതി ബി. അജിത | 26-12-16 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബിനോയ് കെ.വി. | 1-4-16 മുതൽ 18-08-16 വരെ |
| | ശ്രീ. രമേഷ് കുമാർ. പി. | 19-08-16 മുതൽ 18-10-16 വരെ |
| | ശ്രീ. പുരുഷോത്തമൻ. ആർ. | 19-10-16 മുതൽ 08-03-17 വരെ |
| | ശ്രീമതി ജിൻഷ ബാലകൃഷ്ണൻ | 09-03-17 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി കെ.ടി. സൈനബ | 1-4-2016മുതൽ 31-03-17 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി ആശ വൈ.വി. | 1-4-2016മുതൽ 31-03-17 വരെ |
| വി.ഇ.ഒ | ശ്രീ. റഷീദ്. വി.പി. | 1-4-2016മുതൽ 31-03-17 വരെ |
| വെറ്റിനറി സർജൻ | ഡോ. മഹേഷ്. ആർ. | 1-4-2016മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന പി.ജി. | 1-4-2016മുതൽ 17-02-17 വരെ |
| | ഡോ.അസൈനാർ | 18-2-2017മുതൽ 10-03-17 വരെ |

| | | |
|---|---|---|
| | ഡോ. ബീന പി.ജി. | 11-03-2017മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനിൽ പിഷാരടി നാരായണൻ | 1-4-2016മുതൽ 1-07-16 വരെ |
| | ഡോ. അഹമ്മദ്. പി. | 2-7-2016മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദീപ രവിവർമ | 1-4-2016മുതൽ 31-03-17 വരെ |
| അസി.സെക്രട്ടറി | ശ്രീ. കെ.കെ.സക്കീർ ഹുസൈൻ | 1-4-2016മുതൽ 22-12-16 വരെ |
| | ശ്രീമതി ഷാനിബ ടി.എം. | 23-12-16 മുതൽ 08-01-17 വരെ |
| | ശ്രീമതി കെ. എസ്. മഞ്ജുഷ | 9-01-17 മുതൽ 31-03-17 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി അംബിക പൊറ്റേക്കാട്ട് | 1-4-2016മുതൽ 31-03-17 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 11 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-1 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 |
| 14 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2-4 |
| 15 | ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 23 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. | 3-1 |
| 24 | ഓണം അഡ്വാൻസ് നൽകിയത് - രേഖകൾ ഹാജരാക്കിയില്ല | 3-2 |

| | | |
|---|---|---|
| 25 | പൊതുടാപ്പുകൾ, തെരുവ് വിളക്കുകൾ - ചാർജ് അടവാക്കുന്നത്-പ്രദേശിക പരിശോധന നടത്തിയിട്ടില്ല | 3-3 |
| 26 | ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ അധികം നൽകിയ തുക തിരിച്ചടവാക്കി | 3-4 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 28 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-6 |
| 29 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല | 3-7 |
| 30 | വാഹന വാടക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 3-8 |
| 31 | മരുന്ന് ലഭ്യമാക്കിയില്ല.- ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-9 |
| 32 | കൈപ്പറ്റ് ലഭ്യമാക്കിയില്ല | 3-10 |
| 33 | സബ് വൗച്ചറുകൾ ഹാജറാക്കിയില്ല- ചെലവ് തുക നിരാകരിക്കുന്നു. | 3-11 |
| 34 | രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-12 |
| 35 | മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയില്ല | 3-13 |
| 36 | മരുന്ന് ലഭ്യമാക്കിയില്ല | 3-14 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |

| | | |
|---|---|---|
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 48 | ഓഡിറ്റ് റിക്കവറി | 4.6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 16.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 01-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 29-8-17 | KSAMPM13/2033/17 തീയതി |

| | | |
|---|---|---|
| | 30-8-17 | 06-11-2017 |

വാർഷിക ധനകാര്യ പത്രിക പരിശോധന : അപാകതകൾ

1) SBT യിലെ 67376590298 നമ്പർ അക്കൗണ്ട് (ഇ-പേയ്മെന്റ്) റീകൺസീലിയേഷൻ നടത്തിയിട്ടില്ല. ബാങ്ക് പാസ്ബുക്കിൽ 31.03.17 ലെ നീക്കിയിരിപ്പ് 38682.82 രൂപയും AFS ൽ 41730 രൂപയുമാണ്.

2) കേരള ഗ്രാമീൺ ബാങ്കിലെ 7396 നമ്പർ അക്കൗണ്ട് (പ്ലാൻ) റീകൺസീലിയേഷൻ നടത്തിയിട്ടില്ല. ബാങ്ക് പാസ്ബുക്കിൽ 31.03.17 ലെ നീക്കിയിരിപ്പ് 39436 രൂപയും AFS ൽ 39039 രൂപയുമാണ് .

3) ട്രഷറി- തനതുഫണ്ട് -VPFA 1-2 എന്ന അക്കൗണ്ടിൽ 31.03.17 ന് AFS പ്രകാരം 328950 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ് ബുക്ക് / scroll പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 4/2011 മുതൽ ഇതേ സംഖ്യയാണ് ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്.

4) സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5) അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) തൊഴിൽ നികുതി (ട്രേഡ്ലൈസ്) വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

7) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നെടുത്ത DCB റിപ്പോർട്ട്) AFS -ഉമായി പൊരുത്തപ്പെടുന്നില്ല.

8) വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

9) രണ്ട് മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും AFS ൽ ഈയിനത്തിൽ (Capital Work in progress) തുക രേഖപ്പെടുത്തിയിട്ടില്ല.

10) Accumulated Provision for outstanding Property tax 2015-16 ലെ അതേ തുക (42813) യാണ് 16-17 ലും ചേർത്തിരിക്കുന്നത്.

11) MGNREGS തുക Income & Expenditure Stt. ഷെഡ്യൂൾ I-6 ലും (16297448) ഷെഡ്യൂൾ I-14(a) യിലും (16257198) വ്യത്യാസപ്പെട്ടിരിക്കുന്നു.
12) ബാലൻസ്ഷീറ്റ് (B-18) പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

13) 2015-16 ലെ ഓഡിറ്റ് സർട്ടിഫിക്കേറ്റിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 12154466 |
| വരവ് | 49724690 |
| ആകെ | 61879156 |
| ചെലവ് | 40218773 |
| നീക്കിയിരിപ്പ് | 21660383 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP 40(b) പ്രകാരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11448068 | 11448068 | 11354581 | 93487 | 99 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7034766 | 7034766 | 5538552 | 1496214 | 79 | 0 |
| വികസനഫണ്ട് ടി. എസ്.പി. | | 36978 | 36978 | 36978 | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3475347 | 3475347 | 198658 | 3276689 | 06 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3105348 | 3105348 | 2170846 | 934502 | 70 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6420075 | 6420075 | 4335311 | 2084764 | 68 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4001417 | 4001417 | 2148819 | 1852598 | 54 | 00 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 883666 | 883666 | - | 883666 | 0 | 0 |
| ബി ഫണ്ട് | 0 | 639820 | 639820 | 639820 | 0 | 100 | 0 |
| MGNREGS | 1276 | 1165711 | 1166987 | 1055350 | | 90 | 111637 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 166 | 49417749 | 113 | 28873137 | 5 | 48 | 68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ; ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 101.8 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 26,32,618 | 55,62,051 | 29,29,433 | 111.27 |
| നികുതിയേതര വരവുകൾ | 5,55,360 | 8,71,165 | 3,15,805 | 56.86 |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 31,87,978 | 6433216 | 32,45,238 | 101.8 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91320 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 2624700 | 287 |
| വിധവാപെൻഷൻ | 13668800 | 1181 |
| വാർദ്ധക്യകാലപെൻഷൻ | 22206140 | 2083 |
| വികലാംഗപെൻഷൻ | 3162365 | 317 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 180000 | 6 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 917680 | 85 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-08-2017 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,361 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-07-2017 | 05/2017<br>06/2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-12-15 മുതൽ 19-12-15 വരെ | 2010-11 മുതൽ<br>2014-15 വരെ | 05-02-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14, 2014-15എന്നീ വർഷങ്ങളിൽ ഈടാക്കിയതിൽ കുറവുണ്ട്. പുതുക്കിയ നികുതി നിരക്ക് ഈടാക്കേണ്ടതിന് പകരം പഴയ നിരക്ക് ഈടാക്കിയതാണ് കുറവിന് കാരണം.(വിശദ വിവരം ചുവടെ). ഈടാക്കിയതിൽ കുറവ് വന്നത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

| ടവർ/കെട്ടിട നമ്പർ | വിലാസം | വർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 8/ 264-a | ഐഡിയ മൗബൈൽ കമ്യൂണിക്കേഷൻസ് | 2013-14, 2014-15 | 5040 x 2= 10080 | 634 x 2=1268<br>/ 29.4.14 | 8812 |
| 9/ 369 -b | ഇൻഡസ് ടവേഴ്സ് | 2013-14, 2014-15 | 6930 x 2= 13860 | 4083 x 2= 8166<br>/29.4.14 | 5694 |
| ആകെ | | | | | 14506 |

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/ 25.8.2017 )ക്ക് നൽകിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം | സ്ഥാപനം | ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1 | പെരിങ്ങാട്ടുതൊടി ഹെർബൽസ് | 2016-17 ഒന്നാം |
| 2 | സിറ്റി ഫിനാൻസ് | 2016-17ഒന്നും രണ്ടും |
| 3 | സപ്ലൈകോ, വലിയകുന്ന് | 2016-17ഒന്നും രണ്ടും |
| 4 | കൃഷി ഭവൻ, ഇരിമ്പിളിയം | 2016-17 ഒന്നാം |

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/ 25.8.2017 )ക്ക് നൽകിയ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം | സ്ഥാപനം | ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1 | പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക്, ഇരിമ്പിളിയം | 2016-17 രണ്ട് |
| 2 | സിറ്റി ഫിനാൻസ് | 2016-17ഒന്നും രണ്ടും |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, ഇരിമ്പിളിയം | 2016-17ഒന്നും രണ്ടും |
| 4 | എസ്.എം.ജി.ബി. വലിയകുന്ന് | 2016-17ഒന്നും രണ്ടും |
| 5 | സപ്ലൈകോ, വലിയകുന്ന് | 2016-17ഒന്നും രണ്ടും |

## 2-4 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ വ്യാപാരം നടക്കുന്നില്ല എന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് ഒരു സ്ഥിരം ലൈസൻസ് നമ്പർ നൽകി എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (1/ 25.8.2017 )ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 2-5 ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനും ടവറുകളുടെ വസ്തു നികുതി 2015-16 വർഷത്തേയും കുടിശ്ശികയുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് . സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല.

വിശദ വിവരം താഴെ..

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 8/ 264-a | ഐഡിയ മൗബൈൽ കമ്യൂണിക്കേഷൻസ് | 2015-16, 16-17 | 5040 |
| 9/ 369 -b | ഇൻഡസ് ടവേഴ്സ് | 2015-16, 16-17 | 6930 |
| 3/231-a | ഇൻഡസ് ടവേഴ്സ് | 2015-16, 16-17 | 6720 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് നല്കിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | തുക | സ്ഥാപനം |
|---|---|---|---|
| 1 | ബിൽ നം.8/30-11-16 | 6,00,000 | SSAക്ക് പഞ്ചായത്ത് വിഹിതം നൽകൽ (Proj. 24/17) |

| | | | |
|---|---|---|---|
| 2 | തനത് ഫണ്ട് | 1,00,000 | ഡി.പി.സി കെട്ടിടത്തിന് ഫണ്ട് നല്കൽ (Proj.No. 164/17) |
| 3 | ബിൽ നം.9/30-11-16 | 82516 | IKM ന് വിഹിതം നല്കിയത് (Proj. 63/17) |
| 4 | ബിൽ നം.27/30-03-17 | 2,00,000 | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കലിന് KSEBയിൽ അടവാക്കിയത് (Proj. 173/17) |
| 5 | തനത് ഫണ്ട് | 3,00,000 | സോഷ്യൽ സെക്യൂരിറ്റി മിഷന് ഫണ്ട് നല്കിയത് (Proj. 70/17) |

12,82,516

ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും, നല്കിയ തുകയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 12,82,516 രൂപ തടസ്സം ചെയ്യുന്നു.

## 3-2 ഓണം അഡ്വാൻസ് നൽകിയത് - രേഖകൾ ഹാജരാക്കിയില്ല

1. 21600280/7-9-16-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 15,000 രൂപ ഓണം

അഡ്വാൻസ് തുക കൈപ്പറ്റിയ ശ്രീ. സിബി വി.വി, അക്കൗണ്ടൻറ് ഗ്രാമ പഞ്ചായത്തിൽ

നിന്നും സ്ഥലം മാറിപ്പോകുന്നതിന്ന് മുമ്പ് 9,000 രൂപ തിരിച്ചടവാക്കിയിട്ടുണ്ട്.

അവശേഷിക്കുന്ന 6000 രൂപ അടവാക്കിയതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

2. 21600878/31-03-17-ാം നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 6000 രൂപ

ശ്രീമതി ബി. അജിത, സെക്രട്ടറിയുടെ festival advance ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലേക്ക്

അയച്ച് കൊടുത്തിട്ടുണ്ട്. ആയതിൻെറ രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവ് തുക 12,000 രൂപ തടസ്സം ചെയ്യുന്നു.

## 3-3 പൊതുടാപ്പുകൾ, തെരുവ് വിളക്കുകൾ - ചാർജ് അടവാക്കുന്നത്-പ്രാദേശിക സംയുക്ത പരിശോധന നടത്തിയിട്ടില്ല

1. പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. ഇതു സംമ്പന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ (35,000/-രൂപ വീതം 53 ടാപ്പുകൾക്ക്) ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണയിക്കേണ്ടതുമാണ്.

ll. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസത്തിൽ 22501/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം,ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.
നിലവിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് പുനർ നിർണ്ണിയിക്കേണ്ടതാണ്.

## 3-4 ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ അധികം നൽകിയ തുക തിരിച്ചടവാക്കി

ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ ₹ 13,333 നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 21600744/17.03.2017)

GO(P) No.324/2004/Fin12/7/2004 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ ( KSR പാർട്ട് I അനുബന്ധം VIII ) 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല.

വിശദ വിവരം താഴെ ചേർക്കുന്നു :

| അർഹമായത് @ 15 ദിവസം | നൽകിയത് | അധികം |
|---|---|---|
| 20,000*15/30 =10,000 | 13,333 | 3,333 |

-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിൻെറ അടിസ്ഥാനത്തിൽ 117120102188/30-08-17 -ാം നമ്പർ രശീതി പ്രകാരം 3,333 രൂപ തിരിച്ചടവാക്കി.

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി പ്രോജക്ട് നം. 42/17 – 'PMAY വീട് 2016-17 SC' എന്ന പ്രോജക്ടിനുവേണ്ടി 60,000 രൂപ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ട്രഷറി ബിൽ നം. 65/16-17 തിയതി: 28.02.17.

20,000 രൂപ വീതം 3 ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് പഞ്ചായത്ത് വിഹിതം നൽകാനുള്ള തുകയാണിത്. എന്നാൽ ഈ തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ/ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്. അതു വരെ ചെലവുതുക 60,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-6 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ട് : പച്ചക്കറി കൃഷി വികസനം

നം. : S027 / 2017

അടങ്കൽ : 3,92,000 (പ്ലാൻ ഫണ്ട്)

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽ നം. 5/24-03-2017 : 1,96,000

പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നല്കുന്നതിനുവേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ടിൻ കീഴിൽ 78 കർഷകർക്ക് 19.6 ഹെക്ടർ ഭൂമിയിൽ പച്ചക്കറി നടത്തിയതിനുള്ള കൂലിച്ചെലവ് സബ്സിഡി ആയി 196000 രൂപ നൽകിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.4/2016/തസ്വഭവ/11-01-2016 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

നൽകാവുന്നത് നാമമാത്ര കർഷകർക്ക് മാത്രമാണ്. എന്നാൽ, താഴെപ്പറയുന്ന ഒരു ഹെക്ടറിൽ കൂടുതൽ ഭൂവിസ്തൃതിയുള്ള സ്ഥലമുടമകൾക്കും മേൽ പ്രൊജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുണ്ട് :

| ഗുണഭോക്താവ് | കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) | നൽകിയ ധനസഹായം |
|---|---|---|
| ശ്രീ. ബാവുട്ടി കടിയാപ്പുറത്ത് | 1.659 | 3800 |
| ശ്രീ. പടിഞ്ഞാക്കര വിജയകൃഷ്ണൻ | 1.249 | 3800 |
| ആകെ | | 7,600 |

ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 7,600 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രൊജക്ട് നം. S038/17 - അംഗൻവാടി പോഷകാഹാര പദ്ധതി, പ്രൊജക്ട് നം. S039/17 - അംഗൻവാടി പോഷകാഹാര പദ്ധതി (പട്ടികജാതി) എന്നിവയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് പൂർണ്ണേന്ദു മാനസി ന്യൂട്രിമിക്സ്, കൊളത്തൂർ; അമൃതം ന്യൂട്രിമിക്സ്, പന്താവൂർ എന്നീ കുടുംബശ്രീ യൂനിറ്റുകളിൽ നിന്നുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം 2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റ് ലാബുകളിൽ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കാനും ഗുണമേൻമ തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ച് ന്യൂട്രിമിക്സിന്റെ വില കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 12.07.2011ലെ ഐ.സി.ഡി.എസ് ബി 3- 6136/11 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ലാബ് ടെസ്റ്റുകൾ നടത്തിയതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

## 3-8 വാഹന വാടക അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, "ആരോഗ്യ പരിരക്ഷ- പെയിൻ &പാലിയേറ്റീവ്" എന്ന പദ്ധതി (s0033/2017)/ 2.3.2017 യുടെ ഭാഗമായി രോഗികളെ സന്ദർശിക്കുന്നതിന്, സന്ദർശന രജിസ്റ്റർ പ്രകാരം സന്ദർശനം നടക്കാത്ത നാലു ദിവസം ( 12.4.16, 28.4.16, 26.4.16, 11.7.16) വാഹന വാടകയിനത്തിൽ, ദിവസം 1000 രൂപ നിരക്കിൽ 4000 രൂപ ഡ്രൈവർക്ക് നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണമിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല

## 3-9 മരുന്ന് ലഭ്യമാക്കിയില്ല.- ചെലവ് തുക തടസ്സം ചെയ്യുന്നു.

1. മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണ ഉദ്യോഗസ്ഥനായ ' മാനസിക ആരോഗ്യ പരിരക്ഷ" എന്നപദ്ധതി (s0046/2017)യുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്ന് 275000 രൂപ പിൻവലിച്ച് 28.02.2017 ന് കെ.എം.എസ്.സി.എൽ ,തിരുവനന്തപുരംഎന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക , 275000 രൂപ തടസ്സം

ചെയ്യുന്നു.

2. PHCയിലേക്കാവശ്യമായ മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (s0044/2017)യുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000 രൂപ പിൻവലിച്ച് 29.11.2016 ന് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 183696 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 116304 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 116304 രൂപ തടസ്സം ചെയ്യുന്നു.

3. ആരോഗ്യ പരിരക്ഷ- പെയിൻ &പാലിയേറ്റീവ് എന്ന പദ്ധതി (s0022/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്ന് 50000 രൂപ പിൻവലിച്ച് 8.12.2016 ന് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 21876 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 28124 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 28124 രൂപ തടസ്സം ചെയ്യുന്നു.

4. മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണ ഉദ്യോഗസ്ഥനായ ആരോഗ്യ പരിരക്ഷ- പെയിൻ &പാലിയേറ്റീവ് എന്ന പദ്ധതി (s0033/2017)യുടെ ഭാഗമായി പാലിയേറ്റീവ് യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്ന് 278100 ( 203100/ 28.2.17 + 75000/ 16.3.17 ) രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ , തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക , 278100 രൂപ തടസ്സം ചെയ്യുന്നു.

## 3-10 കൈപ്പറ്റ് ലഭ്യമാക്കിയില്ല

1. മൃഗാശുപത്രിയിലേക്കാവശ്യമായ മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (s0080/2017)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 100,000 രൂപ പിൻവലിച്ചിട്ടുണ്ട്. (24.3.2017) എന്നാൽ പ്രസ്തുത തുക സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകൾ , കൈപ്പറ്റ് , എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 100,000 രൂപ തടസ്സം ചെയ്യുന്നു. ടെണ്ടർ മുഖേന ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കിയ ബിൽ ഹാജരാക്കിയെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/ 26.8.2017)മറുപടി നൽകിയിട്ടില്ല.

2. തനതു ഫണ്ടിൽ നിന്ന് 1,00,000 രൂപ (24.3.17), തെരുവുനായ നിയന്ത്രണ പദ്ധതിയുമായി (ജില്ലാ പഞ്ചായത്തിന്റെ ) ബന്ധപ്പെട്ട് മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടറുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 1,00,000 രൂപ തടസ്സം ചെയ്യുന്നു. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/ 26.8.2017)മറുപടി നൽകിയിട്ടില്ല.

## 3-11 സബ് വൗച്ചറുകൾ ഹാജരാക്കിയില്ല- ചെലവ് തുക നിരാകരിക്കുന്നു.

മെഡിക്കൽ ഓഫീസർ, PHC നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, "ആരോഗ്യ പരിരക്ഷ- പെയിൻ &പാലിയേറ്റീവ്" എന്ന പദ്ധതി (s0033/2017)/ 2.3.2017യുടെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്ക് വേണ്ടി സ്നേഹ സംഗമം നടത്തുന്നതിന് 25000, രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ സബ് വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക , 25000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകത ചൂണ്ടിക്കാണമിച്ച് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (9 / 26.8.2017 )ക്ക് മറുപടി നൽകിയിട്ടില്ല

## 3-12 രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ ' എസ്.സി. ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകൽ" എന്നപദ്ധതി (s00160/2017)പ്രകാരം 20 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി നൽകാൻ വികസനഫണ്ടിൽ നിന്ന് 39768 / 31.3.17 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 39768 രൂപ തടസ്സം ചെയ്യുന്നു. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/ 26.8.2017)മറുപടി നൽകിയിട്ടില്ല.

## 3-13 മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ(ആയു.) നിർവ്വഹണ ഉദ്യോഗസ്ഥനായ 'ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി (s0060/2017)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 270,000 രൂപ പിൻവലിച്ച് 14.12.2016 ന് ഔഷധി ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. ഇതിൽ 9914 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (7 /26.8.2017) ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 9914 രൂപ തടസ്സം ചെയ്യുന്നു.

## 3-14 മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായ 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി (s0023/2017)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 200,000 രൂപ പിൻവലിച്ച് 7.1.2017 ന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസി ലി.ആലപ്പുഴ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി ( 8 /26.8.2017) ക്ക് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക, 200,000 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ആരോഗ്യ പരിരക്ഷ | 0 | 2,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ | അഡ്വാൻസ് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കൽ | ബിൽ നം.27/30-03-17 | 2,00,000 | 0 | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2(20) | 2006-07 | 3.71.8 | വൗച്ചറുകൾ ഹാജരാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2(46) | | 3.714 | ഭവന പദ്ധതി ഡിപ്പോസിററ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-2017 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61872707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40218773 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2501726 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | | 7600 | ശ്രീമതി ജിൻഷ ബാലകൃഷ്ണൻ, കൃഷി ഓഫീസർ |
| 3-8 | | 4000 | ഡോ. അഹമ്മദ്. പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | | 25000 | |

ആകെ - 36,600

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,82,516 | 6,82,516 - ശ്രീ. കെ.കെ.സക്കീർ ഹുസൈൻ, സെക്രട്ടറി<br>6,00,000 - ശ്രീമതി ബി. അജിത, സെക്രട്ടറി |
| 3-2 | 12,000 | 6,000 - ശ്രീ. കെ.കെ.സക്കീർ ഹുസൈൻ, സെക്രട്ടറി<br>6,000 - ശ്രീമതി ബി. അജിത, സെക്രട്ടറി |
| 3-5 | 60,000 | ശ്രീമതി കെ. എസ്. മഞ്ജുഷ, അസി.സെക്രട്ടറി |
| 3-9(1) | 275,000 | ഡോ. അഹമ്മദ്. പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-9(2) | 116,304 | |
| 3-9(3) | 28,124 | |
| 3-9(4) | 278,100 | |
| 3-10(1) | 100,000 | ഡോ. മഹേഷ്. ആർ, വെറ്റിനറി സർജൻ |

| | | |
|---|---|---|
| | | |
| 3-10(2) | 100,000 | |
| 3-12 | 39,768 | |
| 3-13 | 9,914 | ഡോ. ബീന പി.ജി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-14 | 200,000 | ഡോ. ദീപ രവിവർമ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 2501726 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജിൻഷ ബാലകൃഷ്ണൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | ചക്കര ചെമ്മാട്ടിൽ ഹൗസ്, രണ്ടത്താണി, മലപ്പുറം ജില്ല, 676510 |
| ഡോ. അഹമ്മദ്. പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | പെരുമ്പള്ളി ഹൗസ്, രണ്ടത്താണി, മലപ്പുറം ജില്ല, 676510 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (വരവ്) | എൽ.എഫ്.എം.9/902/09 തിയ്യതി 2-6-2010 | 2 |
| 97-98 ചെലവ് | എൽ.എഫ്.എം9/1253/06 തീയതി 18-10-2006 | 27 |
| 98-99 | എൽ.എഫ്.എം12/844/05 തിയ്യതി 23-8-06 | 34 |

| | | |
|---|---|---|
| ചെലവ് | | |
| 1999-00 (ചെലവ്) | എൽ.എഫ്.എം.12/ 858/ 05 തീയതി 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.12/ 972/ 05 02.12.2005 | |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02 (ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 15 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 10 |
| 2011-12, 2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 15 |
| 2013-14, 2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626 /2013/13-12-16 | 12 |

| | | |
|---|---|---|
| | | |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026 /2016/13-12-16 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA/MPM13/2033/2017

Kerala State Audit Department

District Office, Malappuram

E-mail:dompm.ksad@kerala.gov.in

Dated : 06.11.2017

Certified that I have audited the Annual Financial Statement of Irimbilium Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.

In my opinion, the financial statements of Irimbilium Grama Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.എം.പി.എം.13/2033/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി:06.11.2017

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ4-ാം വകുപ്പ്, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾഅവലംബിച്ചും മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്